"ഭരണഭാഷ മാതൃഭാഷ"

C3/8166/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 06.12.2023

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഡി.ഡി.എഫ്.എസ് താപാലുകൾ അയക്കുമ്പോൾ ശ്രദ്ധിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച് .

സൂചന :- ____________

*********

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇ ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടം എന്ന നിലയിൽ കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിൽ 17.11.2023 മുതൽ ഇ ഓഫീസ് നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. നിലവിൽ ആസ്ഥാന കാര്യലയത്തിൽ ലഭ്യമാകുന്ന ഡി.ഡി.എഫ്.എസ് തപാലുകൾ, താപൽ സെക്ഷനിൽ നിന്നും ഡൗൺലോഡ് ചെയ്തു ഇ ഓഫീസിൽ റെസീപ്റ്റ് ആക്കിയാണ് തുടർനടപടികൾ സ്വീകരിച്ചു വരുന്നത്. ഇ ഓഫീസിൽ തപാൽ ആക്കുന്നതിനു അപ്‌ലോഡ് ചെയ്യാൻ സാധിക്കുന്ന ഒരു തപാലിന്റെ പരമാവധി സൈസ് 20 MB ആണ്. എന്നാൽ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഡി.ഡി.എഫ്.എസ് ൽ വരുന്ന തപാലുകൾ പലതും 20 MB യിൽ കൂടുതൽ ആണ് എന്നതും ഇ ഓഫീസിൽ പി.ഡി.എഫ് മാത്രമേ സപ്പോർട്ട് ചെയ്യൂ എന്നതിനാൽ ഡി.ഡി.എഫ്.എസ് ൽ ഇമേജ്/വേർഡ്/എക്സൽ ഫോർമാറ്റുകൾ വരുന്ന തപാലുകൾ പി.ഡി.എഫ് ലേക്ക് മാറ്റി ഇ ഓഫീസിൽ റസീപ്റ്റ് ആക്കാൻ കാലതാമസം എടുക്കുന്നു എന്നതിനാലും കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലെ എല്ലാ സ്ഥാപനങ്ങളും ഡി.ഡി.എഫ്.എസ്/ഇമെയിൽ മുഖേന തപാലുകൾ അയക്കുമ്പോൾ ചുവടെ പറയുന്ന നിർദേശങ്ങൾ കർശനമായി പാലിക്കാൻ സ്ഥാപനമേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

1)ഡി.ഡി.എഫ്.എസ് ൽ രേഖകൾ സ്കാൻ ചെയ്ത് താപൽ ആക്കുമ്പോഴും, ആസ്ഥാന കാര്യാലയത്തിലേക്ക് അയക്കുമ്പോഴും താപാലിന്റെ പരമാവധി സൈസ് 20 MB യിൽ താഴെ ആയിരിക്കണം.

2)ആസ്ഥാന കാര്യാലയത്തിലേക്ക് ഇ മെയിൽ മുഖേനയും ഡി.ഡി.എഫ്.എസ് മുഖേനയും അയക്കുന്ന തപാലുകൾ എല്ലാം ഒറ്റ പി.ഡി.എഫ് അറ്റാച്ച്മെന്റ് ആയി അയക്കേണ്ടതാണ്.

3) ഡി.ഡി.എഫ്.എസ് മുഖേന അയക്കുന്ന തപാലുകളിൽ എല്ലാം കർശനമായി പി.ഡി.എഫ് രൂപത്തിൽ അയക്കേണ്ടതും ഇമേജ്/വേർഡ്/എക്സൽ ഫോർമാറ്റുകൾ ഒഴിവാക്കേണ്ടതും ആണ്.

4) എല്ലാ സ്വകാര്യ കോളേജുകളും വിവിധ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾക്ക് അയക്കുന്ന താപലിന്റെ പകർപ്പുകൾ മേൽ പറഞ്ഞ നിർദേശങ്ങൾ കർശനമായി പാലിച്ച് മെയിൽ മുഖേന അയക്കേണ്ടതാണ്. കൂടാതെ സ്വകാര്യ കോളേജുകളിൽ നിന്നും ആസ്ഥാന കാര്യാലയത്തിൽ എത്തിക്കുന്ന എല്ലാ ശിപാർശകളുടെയും പകർപ്പ്

മേൽ പറഞ്ഞ നിർദേശങ്ങൾ പാലിച്ച് ഒറ്റ പി.ഡി.എഫ് ആയി faircopydce@gmail.com എന്ന മെയിൽ അഡ്രസ്സിൽ അയക്കേണ്ടതാണ്.

# Approval Valid

Digitally Approved By
അസീം എ
Date: 06.12.2023
Reason: Approved

ഒപ്പ്/-
**അസീം എ**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

എല്ലാ സ്ഥാപനമേധാവിമാർക്കും എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾ മാർക്കും (ഡെപ്യൂട്ടി ഡയറക്ടർമാർ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്വകാര്യ കോളേജുകൾക്കും പ്രസ്തുത പരിപത്രത്തിന്റെ പകർപ്പ് അയച്ചുകൊടുക്കേണ്ടതാണ്)